


വിശകലനം ● ഫഹ്മീ ഹുവൈദി

# അറബ്, ഇറാൻ, തുർക്കി
## മുക്കൂട്ടു മുന്നണി സാധ്യമാണോ?

**അടുത്തകാലത്ത്** സംപ്രേഷണം ചെയ്ത *നൂർ* എന്ന തുർക്കി ടെലിവിഷൻ പരമ്പര അറബ് ലോകത്ത് വൻതോതിൽ പ്രേക്ഷകരെ ആകർഷിച്ചുകൊണ്ടിരുന്നപ്പോൾ, അറബ് രാഷ്ട്രീയ വൃത്തങ്ങൾ തുർക്കി വിവിധ മേഖലകളിൽ നേടിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സ്വാധീനത്തെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു. തൊട്ടുമുമ്പാണ് ഒരു തുർക്കി- ആഫ്രിക്കൻ ഉച്ചകോടി കഴിഞ്ഞത്. ഇസ്തംബൂൾ ആദ്യം സിറിയൻ പ്രസിഡന്റ് ബശ്ശാറുൽ അസദിനെയും പിന്നീട് ഇറാനിയൻ പ്രസിഡന്റ് അഹ്മദീ നിജാദിനെയും ക്ഷണിച്ചുവരുത്തി. തുർക്കി പ്രധാനമന്ത്രി ഉർദുഗാൻ ബഗ്ദാദ് സന്ദർശിച്ചു. റഷ്യ-ജോർജിയ പ്രശ്നത്തിലും അദ്ദേഹം മധ്യസ്ഥന്റെ റോളിൽ ഇടപെട്ടു. പരമ്പരാഗത ശത്രുക്കളായ അർമേനിയയുമായും ഗ്രീസുമായും ബന്ധങ്ങൾ മെച്ചപ്പെടുത്തി. സിറിയക്കും ഇസ്രയേലിനും ഇടനില നിൽക്കാൻ പോയതും ഉർദുഗാൻ ഗവൺമെന്റാണ്. ഏതാനും മാസങ്ങൾക്കകമാണ് ഈ സംഭവവികാസങ്ങളത്രയും.

ഇതേസമയം ഇറാൻ റഷ്യയുമായി സഹകരണമേഖല വിപുലപ്പെടുത്തിക്കൊണ്ടേയിരുന്നു. ബൂശഹ്റിലെ ആണവോർജ സംരംഭത്തിന് റഷ്യൻ സഹായം ഉറപ്പാക്കിയ ഇറാൻ, ബഹിരാകാശ ഗവേഷണത്തിലും അവരുമായി ചില ധാരണകളിൽ എത്തിയിരിക്കുകയാണ്. അതിനിടെ അൾജീരിയൻ പ്രസിഡന്റ് ബൂതഫ്ലീഖയെയും ഇറാഖി പ്രധാനമന്ത്രി നൂരി മാലികിയെയും തെഹ്റാനിലേക്ക് ക്ഷണിച്ചുവരുത്തി. തൊട്ടുടനെയാണ് ശ്രദ്ധ പിടിച്ചുപറ്റിയ നിജാദിന്റെ ഇസ്തംബൂൾ സന്ദർശനം.

നിരന്തരം നടക്കുന്ന ഇത്തരം സന്ദർശനങ്ങളും ഉന്നതതല സംഭാഷണങ്ങളും, ഇറാനും തുർക്കിയും മേഖലയിൽ രാഷ്ട്രീയമായി മേൽകൈ നേടുന്നതിന്റെ സൂചനകളായി ചില രാഷ്ട്രീയ നിരീക്ഷകർ കാണുന്നു. ഈ ചടുലമായ നീക്കങ്ങളെ അറബ്ലോകത്ത് തളംകെട്ടി നിൽക്കുന്ന വിറങ്ങലിപ്പുമായി അവർ താരതമ്യം ചെയ്യുന്നു. അറബ്ലോകത്ത് രണ്ടെണ്ണമാണ് കാര്യമായി നടക്കുന്നത്. ഒന്ന്, രാഷ്ട്രങ്ങൾ തമ്മിലുള്ള പോര്. രണ്ട്, രാഷ്ട്രങ്ങൾക്കകത്തെ ആഭ്യന്തര സംഘർഷങ്ങൾ. ആയതിനാൽ പുറംലോകത്ത് എന്തു നടക്കുന്നു എന്നു നോക്കാൻ അറബ് രാഷ്ട്രങ്ങൾക്ക് നേരമില്ല.

വളരെ പുതുമയുണ്ട് ചടുലമായ ഈ നയതന്ത്ര നീക്കങ്ങൾക്ക്. പരസ്പരം പലതരത്തിലുള്ള പൊരുത്തക്കേടുകൾ നിലനിൽക്കുന്ന രണ്ട് രാഷ്ട്രങ്ങളാണ് ഇവിടെ ഒരു പൊതുതന്ത്രം ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഭിന്നതകൾ മറക്കാൻ തയാറായത്. ചരിത്രപരമായ പണ്ടേക്കും പണ്ടേയുള്ള ശത്രുത പുറമേയും. ആനുകാലിക രാഷ്ട്രീയ ശാക്തിക തരംതിരിവിൽ തന്നെ ഇറാനും തുർക്കിയും ഭിന്ന ധ്രുവങ്ങളിലാണ്. അമേരിക്കയുമായും ഇസ്രയേലുമായും നല്ല ബന്ധത്തിലാണ് തുർക്കി. ഇറാനാകട്ടെ ആ രണ്ട് രാഷ്ട്രങ്ങളുടെയും കൊടിയ ശത്രുവും. പ്രോട്ടോകോൾ പ്രകാരം തുർക്കി സന്ദർശിക്കുന്ന രാഷ്ട്രത്തലവൻ മതേതര തുർക്കിയുടെ സ്ഥാപകനായ അത്താതുർക്കിന്റെ ഖബ്റിടം സന്ദർശിക്കണം. പക്ഷേ, ഇറാനിയൻ ഭരണകർത്താക്കൾ അതിന് തയാറായിരുന്നില്ല. ഖബ്റിടം സന്ദർശിക്കാതിരിക്കുന്നത് തുർക്കിയെ അവഹേളിക്കുന്നതിന് തുല്യമാണെന്നായിരുന്നു തുർക്കിയുടെ നിലപാട്. അത്താതുർക്കിന്റെ ഖബ്റിടമുള്ള നഗരത്തിലേക്ക് പോവാതെ നിജാദിന്റെ സന്ദർശനവേളയിലുള്ള എല്ലാ ഔദ്യോ

ഗിക ചടങ്ങുകളും ഇസ്തംബൂളിൽ പരിമിതപ്പെടുത്തുകയായിരുന്നു തുർക്കി ഭരണകൂടം. പ്രോട്ടോകോളിനേക്കാൾ മേലെയാണല്ലോ രാജ്യതാൽപര്യം.

അങ്കാറക്കുമേൽ സമ്മർദം ചെലുത്താൻ തൊള്ളായിരത്തി തൊണ്ണൂറുകളിൽ തുർക്കിയിലെ വിഘടനവാദികളായ കുർദിസ്താൻ വർക്കേഴ്സ് പാർട്ടിയുമായി ഇറാൻ പരസ്യമായി ബന്ധം സ്ഥാപിച്ചിരുന്നു എന്നോർക്കണം. ചരിത്രപരമായി നോക്കിയാൽ ഉസ്മാനി-സ്വഫവി ഖിലാഫത്തുകൾ നിതാന്ത ശത്രുതയിലായിരുന്നു. ഇറാഖിൽ ഇറാൻ സ്വാധീനം വിപുലപ്പെടുത്തുന്നതിലും അങ്കാറക്ക് ആശങ്കയുണ്ട്. അത് മേഖലയിലെ ശാക്തിക സംതുലനം തകരാറിലാക്കുമെന്ന് തുർക്കി ഭയക്കുന്നു. ഇതൊക്കെയുള്ളതോടൊപ്പമാണ് ഇപ്പോഴത്തെ സഹകരണം.

സിറിയയുമായും കടുത്ത ശത്രുതയിലായിരുന്നു തുർക്കി. കുർദിസ്താൻ വർക്കേഴ്സ് പാർട്ടി നേതാവ് അബ്ദുല്ല ഉജെലാന് അഭയം കൊടുത്തതിന്റെ പേരിൽ ദമസ്കസ് ആക്രമിക്കുമെന്ന് വരെ 1998-ൽ തുർക്കി ഭീഷണിപ്പെടുത്തിയിരുന്നു. ഇവർ തമ്മിലുള്ള നദീജല തർക്കത്തിനും വളരെ പഴക്കമുണ്ട്. ഇതെല്ലാം മാറ്റിവെച്ചുകൊണ്ട്, ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള വ്യാപാരം 2007-ൽ 900 മില്യൻ ഡോളറായി ഉയരുകയുണ്ടായി. തുർക്കിയും ഈജിപ്തും തമ്മിൽ 200 മില്യൻ ഡോളറിന്റെ വ്യാപാരമേയുള്ളൂ. തുർക്കി-സിറിയ ബന്ധത്തിൽ 180 ഡിഗ്രി വ്യതിയാനം സംഭവിച്ചു എന്നർഥം.

അറബ്ലോകത്തിന്റെ വടക്കും കിഴക്കുമായാണ് ഈ സംഭവങ്ങളെല്ലാം നടക്കുന്നത്. ഇതിലൊന്നും അറബ് ലോകത്തിന് നേതൃപരമായ ഒരു പങ്കും വഹിക്കാൻ കഴിയുന്നില്ല. ഈ ശൂന്യത മുതലെടുത്താണ് ഇസ്രയേൽ അഴിഞ്ഞാടുന്നതും.

തുർക്കിയും ഇറാനും അറബ് ലോകവുമായി ചേർന്നാൽ ഒരു മുക്കൂട്ടു മുന്നണി രൂപീകരിക്കാനാവും. മുക്കൂട്ട് മുന്നണി (മുസല്ലസുൽ ഖുവ്വഃ) എന്ന പ്രയോഗം പ്രമുഖ ജിയോ പൊളിറ്റിക്സ് വിദഗ്ധനായ ഡോ. ജമാൽ ഹമദാന്റെ സംഭാവനയാണ്. പക്ഷേ അറബ് രാഷ്ട്രങ്ങൾ തുർക്കിയെയും ഇറാനെയും ഇപ്പോഴും 'അയൽക്കാർ' ആയേ കാണുന്നുള്ളൂ. ഇറാനികളും തുർക്കികളും അറബികളും ഒരേ ചരിത്രം പങ്കുവെച്ചവരാണ് എന്ന സത്യം അവർ വിസ്മരിക്കുന്നു. ഉമവികൾക്ക് ശേഷം അബ്ബാസികൾ അവരുടെ ഭരണകൂടം സ്ഥാപിക്കുന്നത് പേർഷ്യൻ ഘടകങ്ങളുടെ സഹായത്തോടെയാണ്. പേർഷ്യക്കാരും അറബികളും ഒത്തുചേർന്നാണ് അക്കാലത്ത് ഇസ്ലാമിക നാഗരികതയുടെ മഹത് കേന്ദ്രങ്ങളൊക്കെയും സ്ഥാപിച്ചത്. രണ്ട് നൂറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും, ഉസ്മാനീ ഖിലാഫത്തിന്റെ കീഴിൽ തുർക്കികൾ മേഖലയിൽ പ്രാമുഖ്യം നേടി. പക്ഷേ, പതിനാറാം നൂറ്റാണ്ടിനു ശേഷം ഇറാനിൽ സ്വഫവികളും തുർക്കിയിൽ ഉസ്മാനികളും എന്ന നിലയിൽ ഇസ്ലാമിക ലോകം വിഭജിക്കപ്പെട്ട് പോയിരുന്നു. ഇരുവിഭാഗവും തമ്മിലുണ്ടായിരുന്ന അകൽച്ചയാണ് ഒന്നാം ലോകയുദ്ധത്തിന് ശേഷം സൈക്ക്സ്-പീക്കോ (1916) ഒത്തുതീർപ്പിന്റെ മറവിൽ മുസ്ലിം ലോകത്തെ തുണ്ടം തുണ്ടമാക്കാൻ കൊളോണിയൽ ശക്തികൾക്ക് അവസരം തുറന്നു കൊടുത്തത്. മതവിശ്വാസപരമായ ഒരു ബന്ധം മാത്രമേ പിന്നെ തുർക്കികൾക്കും ഇറാനികൾക്കും അറബികളുമായി ഉണ്ടായിരുന്നുള്ളൂ. പേർഷ്യൻ, തുർക്കി ഭാഷകൾ അറബി ലിപി സ്വീകരിച്ചതും (തൊള്ളായിരത്തി ഇരുപതുകളിൽ അത്താതുർക്ക് ടർക്കിഷ് ഭാഷയുടെ അറബിലിപി ഒഴിവാക്കി ലാറ്റിൻ ലിപി സ്വീകരിക്കുകയുണ്ടായി) ഭാഷകൾ പരസ്പരം വാക്കുകൾ കടമെടുത്തതും മാത്രമായി അവശേഷിക്കുന്ന സ്വാധീനം. ടർക്കിഷ്-പേർഷ്യൻ ഭാഷകളിൽ 40 ശതമാനം വാക്കുകളും അറബിയിൽനിന്നുള്ളവയാണ്. ഈ രണ്ട് ഭാഷകളിൽനിന്ന് ധാരാളം വാക്കുകൾ അറബിയിലേക്കും കടന്നുവരികയുണ്ടായി. ഈ ചരിത്ര മുദ്രകൾ ഭൂമിശാസ്ത്രപരമായ ഒരു ശക്തി സാന്നിധ്യത്തെ വിളംബരം ചെയ്യുന്നു. കാലം കടന്നുപോയത് കൊണ്ട് ആ ശക്തി ഇല്ലാതാവുന്നില്ല. എന്നല്ല, അതിനെ കണ്ടെടുക്കേണ്ടത് ഇന്ന് വളരെ അത്യാവശ്യമായി തീർന്നിരിക്കുന്നു.

അറബികളും ഇറാനികളും തുർക്കികളും പരസ്പരം ചേർന്നുനിൽക്കുന്ന ഒരു വലിയ ഭൂമിശാസ്ത്ര സാന്നിധ്യമാണ്. ഭൂലോകത്തിന്റെ കേന്ദ്ര സ്ഥാനത്താണ് അതിന്റെ കിടപ്പ്. പടിഞ്ഞാറ് മൊറോക്കോ മുതൽ കിഴക്ക് ഇറാനിലെ മശ്ഹദ് വരെ, വടക്ക് തുർക്കി മുതൽ തെക്ക് യമൻ വരെ. ഏഷ്യയും ആഫ്രിക്കയും യൂറോപ്പിന്റെ ഒരു ഭാഗവും ചേർന്നതാണ് ഈ ഭൂവിഭാഗം. തന്ത്രപ്രധാനമായ കടൽ സഞ്ചാര മാർഗങ്ങളൊക്കെയും- ഹോർമുസ്, ബാബുൽ മൻദബ്, ബോസ്ഫറസ്, ഡാർഡനേൽ, സൂയസ് കടലിടുക്കുകൾ- ഇവിടെയാണ്. എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും ഏറ്റവും കൂടുതൽ കരുതൽ ശേഖരമുള്ള പ്രദേശം. ഇവിടങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗത്തിന്റെ ഭാവി തിളക്കമുറ്റതാക്കുന്നതിനുള്ള വലിയ സാധ്യതകളാണ് ഇതൊക്കെ.

പക്ഷേ അറബ്ലോകത്തിന്റെ സ്ഥിതി മഹാകഷ്ടമാണ്. ശത്രുവാര്, മിത്രമാര് എന്ന് തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ല. പലപ്പോഴും ശത്രുക്കൾ മെനഞ്ഞ സ്ട്രാറ്റജികളുടെ നടത്തിപ്പുകാരായി അവർ മാറുന്നു. അതിന്റെ വൈരുധ്യങ്ങളാണ് അറബ് രാഷ്ട്രീയത്തിലുടനീളം കാണുന്നത്. ചിലത് എടുത്തെഴുതാം:

* അറബി- അറബി ബന്ധത്തേക്കാൾ ശക്തമാണ് അറബി-അമേരിക്കൻ ബന്ധം (പരസ്പരം ചേരാത്ത 22 രാഷ്ട്രങ്ങളുടെ കൂട്ടമാണ് അറബ്ലോകം).

* അറബി ഭൂപടത്തിൽ അമേരിക്കക്ക് തോന്നുംപോലെ കയറി കളിക്കാൻ അവസരം തുറന്നുകൊടുക്കുന്നു. അറബികളിൽ മിതവാദിയാര്, തീവ്രവാദിയാര് എന്ന് തീരുമാനിക്കുന്നത് അമേരിക്കയാണ്. അമേരിക്ക പറഞ്ഞുകൊടുക്കുന്നത് തന്നെയാണ് ഈ രാജ്യങ്ങളുടെയൊക്കെയും വിദേശനയവും.

* ചില അറബ് രാഷ്ട്രങ്ങൾ ഇസ്രയേലുമായി സന്ധി ചെയ്തു; എന്നാൽ മറ്റു അറബ് രാഷ്ട്രങ്ങളുമായുള്ള കലഹം തുടരുകയും ചെയ്യുന്നു. കൂട്ടത്തിൽ ഇറാനോടും കലഹിക്കുന്നു.

* ഇസ്രയേൽ വരെ തുർക്കിയിലും ഇറാനിലും (വിപ്ലവത്തിനു മുമ്പ്) സാന്നിധ്യമറിയിക്കുന്നു. ഈ രണ്ട് അയൽ രാജ്യങ്ങളിൽ അറബ് സ്വാധീനം കാണാനേയില്ല.

* മേഖലാ സുരക്ഷക്ക് അറബ് മിതവാദി രാഷ്ട്ര കൂട്ടായ്മ എന്നോ മറ്റോ പേരിൽ തട്ടിക്കൂട്ടിയ വേദികളിൽ ഇസ്രയേൽ ക്ഷണിക്കപ്പെടുന്നു. ഗൾഫ് സഹകരണ കൗൺസിൽ സമ്മേളനത്തിൽ ഇറാൻ പങ്കെടുക്കുന്നതോ, അറബ് ലീഗിൽ തുർക്കിയെ നിരീക്ഷകനായി ക്ഷണിക്കുന്നതോ ഇവർക്കൊട്ട് ദഹിക്കുകയുമില്ല.

ഇതാണ് സ്ഥിതിയെങ്കിൽ അറബ്-ഇറാൻ-തുർക്കി ശാക്തിക ചേരി എങ്ങനെ സാക്ഷാത്കരിക്കപ്പെടാനാണ്! ■